**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1632** **08-02-2023 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഭാഗമായി വണ്ടാഴി ഗ്രാമപഞ്ചായത്തിലാണ് ഒന്നാം വർഷം കേരഗ്രാമം നടപ്പിലാക്കി വരുന്നത്. സ്ഥലപരിശോധനയുടെ 90% പൂർത്തീകരിച്ച് കഴിഞ്ഞു. 16 പമ്പ് സെറ്റുകൾ നൽകിയിട്ടുണ്ട്. അതിന്റെ ധനവിനിയോഗം ഉടൻ പൂർത്തീകരിക്കും. അഞ്ച് മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ പണി പുരോഗമിച്ചു വരുന്നു. സ്ഥല പരിശോധന പൂർത്തീകരിച്ചതിനു ശേഷമേ ധനവിനിയോഗം നടത്തുകയുള്ളൂ. |
| (ബി) | ഏതെല്ലാം പ്രദേശത്ത് എത്ര ഏക്കർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ? | (ബി) | വണ്ടാഴി ഗ്രാമപഞ്ചായത്തിലെ 250 ഏക്കർ (100 ha) സ്ഥലത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി നീക്കിവെച്ച തുക 25.67 ലക്ഷം രൂപയിൽ 9.9 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി ഇതുവരെ അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവൊന്നും രേഖപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ